# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ:- ശ്രീ.എസ്. ഹരികിഷോർ ഐഎഎസ്)**

വിഷയം: കുടുംബശ്രീ – നഗരപ്രദേശങ്ങളിലെ കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള ക്യാമ്പെയിൻ – ഫണ്ട് അനുവദിച്ചു ഉത്തരവാകുന്നു.

പരാമർശം: 06.02.2018-ലെ ഈ ഓഫീസിലെ ഇതേ നമ്പർ പരിപത്രം.

***ഉത്തരവ് നമ്പർ 287/F/2018/KSHO(8) തീയതി 22.02..2018***

നഗര പ്രദേശങ്ങളിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി വിവിധ പദ്ധതികൾ നഗര ദരിദ്രരിലേയ്ക്ക് എത്തിക്കുന്നതിനായി "സ്പർശം" എന്ന ക്യാമ്പെയിൻ സംഘടിപ്പിക്കുന്നതിനും, പരാമർശ പരിപത്ര പ്രകാരം ക്യാമ്പെയിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ തുടങ്ങിയവയെ സംബന്ധിച്ച് വിശദാംശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത കാമ്പെയിന്റെ ഭാഗമായി നടത്തുന്ന എഡിഎസ് /സിഡിഎസ് തല യോഗത്തിന്റെ ചെലവിലേയ്ക്കായി (പങ്കെടുക്കുന്ന വ്യക്തി ഒന്നിന് 15/- രൂപ എന്ന നിരക്കിലും, എഡിഎസ്-അയൽക്കൂട്ട വിവരശേഖരണ പ്രൊഫർമായുടെ പകർപ്പ് എടുക്കുന്നതിന് പേജ് ഒന്നിന് പരമാവധി 1/- രൂപ നിരക്കിലും) സിഡിഎസ്സിലെ ആർഒ – ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് ഉത്തരവാകുന്നു. പ്രസ്തുത തുക ആർ ഒയുടെ മൊഡ്യൂൾ ട്രെയിനിംഗ് എന്ന ശീർഷകത്തിൽ വകയിരുത്തി ചെലവഴിക്കാവുന്നതാണ്. ഓരോ സിഡിഎസ്സും ചെലവഴിക്കുന്ന തുക ആർ ഒ ഫണ്ട് ക്ലെയിം ഫോമിൽ ഉൾപ്പെടുത്തി സംസ്ഥാന മിഷന് സമർപ്പിക്കണം.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

To

1. എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
2. എല്ലാ സിഡിഎസ് ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
4. എല്ലാ സിറ്റി പ്രോജക്ട് ഓഫീസർ
5. എല്ലാ സിറ്റി മിഷൻ മാനേജർ

പകർപ്പ്

1. അക്കൗണ്ട്സ് സെക്ഷൻ
2. കരുതൽ / അധികം

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ.